LIBRARY ARCHIVES Kerala Legislative Assembly

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കൂത്തുമാക്കൽപുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി

145(5592) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച് ആറ് വർഷം കഴിഞ്ഞിട്ടും എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കൂത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കൂത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതുമൂലം സർക്കാരിനും ഈ പദ്ധതിക്കും എന്തെല്ലാം കഷ്ടനഷ്ടങ്ങളാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ഉണ്ട്. കൂത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതിയുടെ കരാറുകാരൻ പ്രാഥമിക ബാധ്യതയായ 92,57,944 രൂപയാണ് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുള്ളത്. ടിയാൻ ഒടുക്കിയ സെക്യൂരിറ്റി തുകയായ 17,89,600 രൂപ കിഴിച്ച് ബാക്കി തുകയായ 74,78,344 രൂപ കരാറുകാരനിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ റിടെൻഷൻ തുകയായ 4,88,145 രൂപയും ഈ കരാറുകാരന്റെ തന്നെ മറ്റൊരു പ്രവൃത്തിയുടെ റിടെൻഷൻ തുകയും വിടുതൽ ചെയ്തിട്ടില്ല.

(സി) ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും വേണ്ട രീതിയിലുള്ള മോണിറ്ററിംഗ് ഉദ്യോഗസ്ഥതലത്തിൽ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ വീഴ്ച വന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ഉണ്ട്.

(ഡി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് റീ-ടെൻഡർ ചെയ്യുന്നതിന് ആവശ്യമായ അധികതുക ആസ്തിവികസന നിധിയിൽനിന്ന് നൽകാമെന്ന് സ്ഥലം എം.എൽ.എ. കത്ത് നൽകിയെങ്കിലും ആസ്തി വികസന നിധി ഒരു കോടി രൂപയായി ചുരുക്കിയതിനാൽ തുക നൽകാൻ സാധിക്കാത്ത അവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കുത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 4.37 കോടി രൂപയ്ക്ക് D.S.R. 2016 പ്രകാരം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയായ 4.80 കോടി രൂപയിൽ അധികരിക്കാത്തതിനാൽ പ്രവൃത്തി 6-8-2021-ന് റീടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജൽജീവൻ പദ്ധതി

146(5593) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഉദ്ദേശ്യലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

1. ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ പ്രവർത്തനക്ഷമമമായ ടാപ്പ് കണക്ഷനുകൾ 2024-നുള്ളിൽ ലഭ്യമാക്കുക.

2. ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങൾ, ജല ഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങൾ എന്നിവിടങ്ങൾക്ക് പദ്ധതികളിൽ മുൻഗണന നൽകുക.

3. വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ആഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പ് കണക്ഷനുകൾ നൽകുക.

4. പദ്ധതിയിൽ നിർമ്മിക്കുന്ന ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക.